പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.6700

09.07.2014 ൽ
മറുപടിയ്ക്ക്

## യുവജനക്ഷേമ ബോർഡിന്റെ ചലച്ചിത്ര വർഷം പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ:<br>ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. പി.സി. വിഷ്ണുനാഥ്: | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ചലച്ചിത്ര വർഷം പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) 100 വർഷം പിന്നിട്ട ഇന്ത്യൻ സിനിമയുടെ നേട്ടം ആഘോഷിക്കുക, ബഹുഭൂരിപക്ഷം വരുന്ന യുവ സിനിമാ പ്രവർത്തകരെ അവരുടേതായ മേഖലകളിൽ കൈപിടിച്ച് ഉയർത്തുന്നതിന് സഹായകമാകും വിധം ചലച്ചിത്ര ശില്പശാലകൾ സംഘടിപ്പിക്കുക, ഫിലിം ഫെസ്റ്റിവലുകൾ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഈ മേഖലയിലേക്ക് കൂടുതൽ അവസരങ്ങൾ തുറന്നുകൊടുക്കുക എന്നതാണ് ലക്ഷ്യമിട്ടത്. |
| (സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി ; വിശദമാക്കുമോ ; | (സി) 2013 മെയ് 1 ന് പത്മശ്രീ മോഹൻലാൽ ചലച്ചിത്ര വർഷം പരിപാടി ഉദ്ഘാടനം ചെയ്യുകയും കൂടാതെ ശ്രീ.ടി.പി. രാജീവൻ, ശ്രീ.മധുപാൽ, ശ്രീമതി.ബീനാ പോൾ തുടങ്ങിയവർ നയിച്ച ക്ലാസ്സുകളും സംഘടിപ്പിച്ചു. ഈ പരിപാടിയുടെ തുടർച്ചയായി 2013 ജൂൺ 19 മുതൽ 22 വരെ ശില്പശാലയും സംഘടിപ്പിച്ചു. ക്യാമ്പ് അംഗങ്ങളുടെ കൂട്ടായ്മയിൽ ഒരു ഹ്രസ്വചിത്രം നിർമ്മിക്കുകയുണ്ടായി. പ്രമുഖ മലയാളസിനിമാ സംവിധായകൻ ശ്രീ. ലെനിൻ രാജേന്ദ്രനാണ് ചലച്ചിത്ര ശില്പശാലയുടെ ക്യാമ്പ് ഡയറക്ടറായി മുഴുവൻ ദിവസവും പ്രവർത്തിച്ചത്. |
| (ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ ? | (ഡി) യുവജനക്ഷേമ ബോർഡ് നേരിട്ടാണ് പരിപാടി സംഘടിപ്പിച്ചത്. |

സെക്ഷൻ ഓഫീസർ